**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1246** **07-02-2023 - ൽ മറുപടിയ്ക്ക്**

**അത്താണി വെടിമറ റോഡിലെ വളവ് നിവർത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ആലുവ അത്താണി വെടിമറ റോഡിലെ പുത്തൻതോട് ചുങ്കം ഭാഗത്തുള്ള വളവ് നിവർത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കണമെന്ന അപേക്ഷയിൽ പൊതുമാരാമത്ത് വകുപ്പ് സെക്രട്ടറി (ജി2/79/2022/പൊമവ.) നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ആലുവ അത്താണി വെടിമറ റോഡിലെ പുത്തൻതോട് ചുങ്കം ഭാഗത്തുള്ള വളവ് നിവർത്തുന്നതിന് പദ്ധതി നടപ്പിലാക്കണമെന്ന ബഹു. അൻവർ സാദത്ത് എം.എൽ.എ.യുടെ അപേക്ഷ പരിശോധിച്ച് അടിയന്തിര റിപ്പോർട്ട് ലഭ്യമാക്കാൻ സർക്കാരിൽ നിന്നും 11/03/2022 – ന് ചീഫ് എഞ്ചിനീയർ നിരത്തു വിഭാഗത്തിന് നൽകിയിട്ടുണ്ട്. ചീഫ് എഞ്ചിനീയർമാർ ഇതുമായി ബന്ധപ്പെട്ട് നടത്തിയ കത്തിടപാടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഈ വിഷയത്തിൽ പൊതുമരാമത്ത് വകുപ്പ് നിരത്ത്/ ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനിയർമാർ (സി.ഇ.പി.ഡബ്ല്യൂ.ഡി/5607/2022/സി6) നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; നാളിതുവരെ നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | (ബി) | ആലുവ അത്താണി വെടിമറ റോഡിലെ പുത്തൻതോട് ചുങ്കം ഭാഗത്തുള്ള വളവ് നിവർത്തുന്നതിന് പദ്ധതി നടപ്പിലാക്കണമെന്ന ബഹു. അൻവർ സാദത്ത് എം.എൽ.എ.യുടെ അപേക്ഷ പരിശോധിച്ച് അടിയന്തിര റിപ്പോർട്ട് ലഭ്യമാക്കാൻ സർക്കാരിൽ നിന്നും 11/03/2022 – ന് ചീഫ് എഞ്ചിനീയർ നിരത്തു വിഭാഗത്തിന് നൽകിയിട്ടുണ്ട്. ചീഫ് എഞ്ചിനീയർമാർ ഇതുമായി ബന്ധപ്പെട്ട് നടത്തിയ കത്തിടപാടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | ഈ പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | അത്താണി വെടിമറ റോഡിലെ പുത്തൻതോട് ചുങ്കം ഭാഗത്തെ വളവ് നിവർത്താനുള്ള പ്രവൃത്തിക്ക് 13.08.2021-ൽ 250 ലക്ഷം രൂപയ്ക്ക ഭരണാനുമതി നൽകിയിട്ടുണ്ട്. ടി റോഡിന്റെ പുത്തൻതോട് മുതൽ ചെങ്ങമനാട് പള്ളി വരെയുള്ള ഭാഗങ്ങളുടെ ഫീൽഡ് സർവ്വേ പൊതുമരാമത്ത് ഇൻവെസ്റ്റിഗേഷൻ വിഭാഗം വഴി നടത്തി അതനുസരിച്ച് പൊതുമരാമത്ത് ഡിസൈൻ വിഭാഗം തയ്യാറാക്കിയ അലൈൻമെന്റിന് അംഗീകാരം നൽകിയിട്ടുണ്ട് അലൈൻമെന്റ് സ്കെച്ച് പ്രകാരം റോഡിന്റെ അതിർത്തി നിർണ്ണയിക്കേണ്ടതായിട്ടുണ്ട്. ഇതിനായി ആദ്യം റോഡിന്റെ നിലവിലത്തെ അതിർത്തി റവന്യൂ അധികാരികൾ അളന്ന് |

| | | | |
|---|---|---|---|
| | | | തിട്ടപ്പെടുത്തി ലഭ്യമാക്കുന്ന നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ

# KERALA PUBLIC WORKS DEPARTMENT

Mob : 8086395025
**Office of the Chief Engineer (Roads),**
Phone : 0471 2322346
Public Office Complex, Public Office P.O,
Fax : 0471-2322346
Thiruvananthapuram - 695033
e-mail : ceroads.pwd@kerala.gov.in
Website : www.keralapwd.gov.in

---

**CEPWD/5607/2022-C6(W)-RD**
30/03/2022

**ENDORSEMENT LETTER**

Ref: Letter No.G2/79/2022-PWD Dated-11/03/2022 of the Principal Secretary,

Public Works(G) Department, Thiruvananthapuram.

Copy of above reference is herewith forwarded to the Superintending Engineer, Roads Central Circle, Aluva and Executive Engineer, Roads Division, Ernakulam for necessary action and report.

Signature Not Verified
Digitally signed by MARY SMITHA THEOPHILUS
Date: 2022.03.30 16:47:08 IST
Reason: Approved

**ASSISTANT EXECUTIVE ENGINEER**
(For Chief Engineer)

5197665/2022

37

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

പൊതുമരാമത്ത് (ജി) വകുപ്പ്

നമ്പർ.ജി2/79/2022/പൊമവ

11-03-2022,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി
ശ്രീ.അൻവർ സാദത്ത്.എം.എൽ.എ
നെയ്യാർ ബ്ലോക്ക് - 8എ
എം.എൽ.എ ഹോസ്റ്റൽ, തിരുവനന്തപുരം.

സർ,

വിഷയം:- പൊമവ - ആലുവ നിയോജകമണ്ഡലത്തിലെ അത്താണി വെടിമറ റോഡിലെ പുത്തൻതോട് ചുങ്കം ഭാഗത്തുള്ള വളവ് നിവർത്തുന്നതിനായി സ്ഥലമേറ്റെടുത്തു നടപ്പാക്കുന്നതു സംബന്ധിച്ച പദ്ധതി നടപ്പാക്കാനുള്ള കാലതാമസം - സംബ.

സൂചന:- താങ്കൾ ബഹു പൊതുമരാമത്തു വകുപ്പ് മന്ത്രിക്കു 14-02-2022 തീയതിയായി സമർപ്പിച്ച കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന കത്തിലെ വിഷയം പരിശോധിച്ച് അടിയന്തരറിപ്പോർട്ട് ലഭ്യമാക്കാൻ പൊതുമരാമത്ത് നിരത്ത്/ ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനിയർമാർക്ക് നിർദ്ദേശം നൽകിയ വിവരം താങ്കളെ അറിയിക്കുന്നു.

വിശ്വസ്തതയോടെ,

Sreedevi

14-3

SREEDEVI E S
DEPUTY SECRETARY
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

16/3/2022

പകർപ്പ്:
ചീഫ് എൻജിനിയർ (നിരത്ത് / ഡിസൈൻ) വിഭാഗം,
പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.

(സൂചന കത്തിലെ വിഷയം പരിശോധിച്ച് അടിയന്തര റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി കത്തിന്റെ പകർപ്പ് സഹിതം).

DCE Roads

120243/2022/MIN 2636 M (W&T)/2022/VIP (W)


അൻവർ സാദത്ത്
(ആലുവ)
അംഗം
കേരള നിയമസഭ
"ഓലിക്കര ഹൗസ്"
പറമ്പയം
നെടുമ്പാശ്ശേരി പി. ഒ.
പിൻ-683 585
ഓഫീസ് ആലുവ : 0484-2623003

ഫോൺ : 0471-2512301
നെയ്യാർ ബ്ലോക്ക്-8A
എം. എൽ. എ. ഹോസ്റ്റൽ
തിരുവനന്തപുരം
E-mail: anwarsadath18@gmail.com


To Anil

SECRETARY (PWD)
Examine

സ്ഥലം: ആലുവ

തീയതി: 14/2/2022

To,

അഡ്വ.പി.എ. മുഹമ്മദ് റിയാസ്,
ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രി,
തിരുവനന്തപുരം

പി. എ. മുഹമ്മദ് റിയാസ്
പൊതുമരാമത്തും ടൂറിസവും വകുപ്പ് മന്ത്രി
കേരള സർക്കാർ

പ്രിയ മന്ത്രി

ആലുവ നിയോജക മണ്ഡലത്തിലെ കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി അത്താണി വെടിമറ റോഡിലെ പുത്തൻതോട് ചുങ്കം ഭാഗത്തുള്ള ഗ്യാസ് ഗോഡൗൺ വളവ് സ്ഥലം ഏറ്റെടുത്തു നിവർത്തുന്നതിനായി 2.5 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. ഈ വളവിൽ വളരെയധികം അപകടങ്ങൾ സംഭവിക്കുകയും മനുഷ്യ ജീവനുകൾ നഷ്ടപ്പെടുകയുമുണ്ടായതു കൊണ്ടാണ്, ഈ പദ്ധതിക്കായി ഭരണാനുമതി നേടിയെടുത്തത്. എന്നാൽ 13/8/2021- ൽ ഭരണാനുമതി ലഭിച്ചതല്ലാതെ, ഈ പദ്ധതി നടപ്പിലാക്കുന്നതിനായുള്ള അലൈൻമെന്റ് ഡിസൈൻ തയ്യാറാക്കുകയോ, ടെക്നിക്കൽ സാങ്ക്ഷൻ നേടിയെടുത്ത് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികളോ പൊതുമരാമത്തു വകുപ്പ് റോഡ്സ്ന്റേയും ഡിസൈൻ വിഭാഗത്തിന്റേയും ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല എന്നകാര്യം പ്രത്യേകം സൂചിപ്പിക്കുകയാണ്. ഈ പദ്ധതി നടപ്പിലാക്കാതെ വൈകിപ്പിക്കുന്നതിലുള്ള ഉദ്യോഗസ്ഥരുടെ അനാസ്ഥയിലുള്ള പൊതുജനങ്ങളുടേയും വ്യക്തിപരമായി എന്റേയും പ്രതിഷേധം രേഖപ്പെടുത്തുകയാണ്. അന്വേഷണത്തിൽ പൊതുമരാമത്ത് റോഡ്സ് വിഭാഗത്തിലെയും, ഡിസൈൻ വിഭാഗത്തിലെയും ഉദ്യോഗസ്ഥർ പരസ്പരം പഴി ചാരുകയല്ലാതെ എത്രയും വേഗം എങ്ങനെ ഈ പദ്ധതി നടപ്പിലാക്കി പൊതുജനങ്ങൾക്കുള്ള ബുദ്ധിമുട്ടൊഴിവാക്കാമെന്നുള്ള വിചാരം ഉദ്യോഗസ്ഥർക്കില്ല എന്ന് പ്രത്യേകം എടുത്തു പറയട്ടെ. ഈ പദ്ധതി വൈകിപ്പിച്ച്, ഇനിയും അപകടങ്ങൾ ഉണ്ടായി ജീവഹാനിയുണ്ടായാൽ അതിന്റെ പരിപൂർണ്ണ ഉത്തരവാദിത്വം കേരള സർക്കാരിനും, പൊതുമരാമത്ത് വകുപ്പിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും മാത്രമായിരിക്കും. ഉദ്യോഗസ്ഥർ നല്ല രീതിയിൽ അവരുടെ കടമ ചെയ്യുന്നുണ്ടെന്ന് മന്ത്രി പറയുന്നുണ്ടെങ്കിലും പ്രായോഗികമായി ഉദ്യോഗസ്ഥർ നടപ്പിലാക്കുന്നില്ല എന്ന കാര്യം ഏറെ ദുഃഖത്തോടെ തന്നെ സൂചിപ്പിക്കുകയാണ്. ആകയാൽ മന്ത്രി വ്യക്തിപരമായി ഇടപ്പെട്ട് എല്ലാ തടസ്സവും നീക്കി ഈ പദ്ധതി എത്രയും വേഗത്തിൽ നടപ്പിലാക്കി അപകട മരണങ്ങൾ ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നു താല്പര്യപ്പെടുന്നു. ഈ , പദ്ധതി നടപ്പിലാകാതെ വൈകിപ്പിക്കുന്നതിൽ ജനങ്ങൾ പഴിചാരുന്നത് ഞങ്ങളെപ്പോലുള്ള ജനപ്രതിനിധികളെയാണ്. ആകയാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുവാനുണ്ടായ കാലതാമസത്തെക്കുറിച്ച് അന്വേഷണം നടത്തണമെന്നും താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ

അൻവർ സാദത്ത്
ആലുവ. എം.എൽ.എ



Generated from eOffice by ABEEJA RAJ B, ASO (G2), PWD, ASO (G2), PWD, PWD on [illegible]

/2111172023

കേരള പൊതുമരാമത്ത് വകുപ്പ്

മൊബൈൽ: 8086395025
ഫോൺ ഫാക്സ് : 0471 2322346
ഇ-മെയിൽ: ceroads.pwd@kerala.gov.in
വെബ്സൈറ്റ് : www.pwd.kerala.gov.in

ചീഫ് എഞ്ചിനീയറുടെ കാര്യാലയം(നിരത്തുകൾ)
പബ്ളിക് ഓഫീസ് കോംപ്ലക്സ്.
പബ്ളിക് ഓഫീസ്.പി.ഒ
തിരുവനന്തപുരം (പിൻ-695 033)

നം. -CEPWD/642 2023-C6(W)-RD

തീയതി : 22-01-2023

പ്രേഷകൻ

ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

സൂപ്രണ്ടിങ് എൻജിനീയർ
മധ്യ മേഖല
ആലുവ

സർ,

വിഷയം:- പൊ.മ.വ(നിരത്തുകൾ) --EKM - Budget work - 2021-22 - widening of curve from puthenthode to chunkam- സംബന്ധിച്ച്.

സൂചന:- 1. AS No.GO(Rt)No.730/2021/PWD Dated-TVM 13/08/2021 for 250 Lakhs
2. Your letter no.DEA/GL/1106/2018 dt 04.01.2023

............

മേൽ സൂചന പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ള പുത്തൻ തോട് മുതൽ ചെങ്ങമനാട് പള്ളി വരെയുള്ള റോഡ് പ്രവർത്തിക്കായി പൊതുമരാമത്ത് ഡിസൈൻ വിഭാഗം തയ്യാറാക്കിയ ഫൈനൽ അലൈൻമെന്റ് (സൂചന (2) പ്രകാരം താങ്കൾ സമർപ്പിച്ചത്) ഇതിനാൽ അംഗീകരിച്ച് ഉത്തരവാകുന്നു.

അംഗീകരിച്ച അലൈൻമെൻറ്റ് ഡ്രോയിങ് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി കൈമാറി നൽകുന്നു.

വിശ്വസ്തതയോടെ,

Signed by
Ajith Ramachandran
Date: 22-01-2023 16:19:23

AJITH RAMACHANDRAN
CHIEF ENGINEER

ഉള്ളടക്കം: മേൽ പ്രകാരം

പകർപ്പ് :- EE. Roads Division, Ernakulam